# കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (CITU)

## സംസ്ഥാന കമ്മിറ്റി

### 17-ാം സംസ്ഥാന സമ്മേളന റിപ്പോർട്ട്

കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (CITU) 17-ാം സംസ്ഥാന സമ്മേളനം 2020 ഫെബ്രുവരി 22-24 തീയതികളിലായി കോഴിക്കോട്, സ. എം ദാസൻ നഗറിൽ (സ്നേഹാഞ്ജലി ഓഡിറ്റോറിയം) നടന്നു.
സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിന് ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെയും ജനാധിപത്യ പ്രസ്ഥാനങ്ങളുടെയും സഹോദര സംഘടനകളുടെയും പങ്കാളിത്തത്തോട് കൂടി വിപുലമായ സംഘാടക സമിതി 2019 ഡിസംബർ 10ന് കോഴിക്കോട് NGO യൂണിയൻ ഹാളിൽ CITU ജില്ലാ ജനറൽ സെക്രട്ടറി സ. പി പി മുകുന്ദന്റെ അധ്യക്ഷതയിൽ ചേർന്നു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് സ. പി കരുണാകരൻ ഉദ്ഘാടനം ചെയ്തു. രക്ഷാധികാരികളായി സഖാക്കൾ ടി പി രാമകൃഷ്ണൻ (ബഹു. എക്സൈസ് തൊഴിൽ വകുപ്പ് മന്ത്രി), പി മോഹനൻ (CPI(M) കോഴിക്കോട് ജില്ലാ സെക്രട്ടറി), കെ ദാസൻ MLA, വി കെ സി മമ്മദ് കോയ MLA, പുരുഷൻ കടലുണ്ടി MLA, തോട്ടത്തിൽ രവീന്ദ്രൻ (മേയർ, കോഴിക്കോട് കോർപ്പറേഷൻ) ബാബു പാറശ്ശേരി (പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, കോഴിക്കോട്) എന്നിവരും സ. എ പ്രദീപ് കുമാർ MLA ചെയർമാനായും ജനറൽ സെക്രട്ടറി സ. എം തമ്പാൻ ജനറൽ കൺവീനറായും സംസ്ഥാന വൈസ് പ്രസിഡന്റ് സ. പി സന്തോഷ് കുമാർ കൺവീനറായും ഇ സുബ്രഹ്മണ്യൻ ട്രഷററായും 501 അംഗങ്ങളടങ്ങിയ സ്വാഗത സംഘം രൂപീകരിക്കുകയും വിപുലമായ പ്രവർത്തനങ്ങൾക്കായി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തുകയും ചെയ്തു.
സമ്മേളനത്തിന്റെ പ്രചരണവും സന്ദേശവും ജനങ്ങളിലും ജീവനക്കാരിലുമെത്തിക്കുന്നതിനായി സംസ്ഥാന വ്യാപകമായി എല്ലാ ബ്രാഞ്ചുകളിലും ഓഫീസുകളിലും പ്ലാന്റുകളിലും 12-02-2020 ന് പതാകയുയർത്തി പതാക ദിനം ആചരിച്ചു. അതോടൊപ്പം കോഴിക്കോട് ജില്ലയിലെ രണ്ട് കേന്ദ്രങ്ങളിൽ വ്യത്യസ്ത വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചു. 15-02-2020 ന് വടകരയിൽ 'ഇന്ത്യൻ സമ്പദ് ഘടനയും തൊഴിൽ മേഖലയും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ സ. കെ ദാസൻ MLA യും 17-02-2020 ന് ഫറോക്കിൽ 'കുടിവെള്ളവും ആരോഗ്യവും' എന്ന വിഷയത്തിലെ സെമിനാർ കെ എസ് കെ ടി യു മലപ്പുറം ജില്ലാ സെക്രട്ടറി സ. ഇ ജയനും ഉദ്ഘാടനം ചെയ്തു.
17-ാം സംസ്ഥാന സമ്മേളനത്തിന്റെ പ്രചരണത്തിനായി ലോഗോ ക്ഷണിക്കുകയും സുധീഷ് പയ്യന്നൂർ ഡിസൈൻ ചെയ്ത ലോഗോ അംഗീകരിക്കുകയും ചെയ്തു. രാഹുൽ വില്യാപ്പള്ളി രചിച്ച്, സ. വിനീത് കെ ബാലൻ സംഗീതവും ആലാപനവും നിർവ്വഹിച്ച തീം സോങ്ങും നവമാധ്യമ പ്രചരണത്തിന്റെ ഭാഗമായി ആരംഭിച്ച ഫേസ് ബുക്ക് പേജും "ജലത്തിന്റെ രാഷ്ട്രീയം" എന്ന വിഷയത്തിൽ സംഘടിപ്പിച്ച ചിത്രകാര കൂട്ടായ്മയും ശ്രദ്ധേയമായി. സമ്മേളനത്തോടനുബന്ധിച്ച് "തെളിനീർ" സപ്ലിമെന്റ് പുറത്തിറക്കി.
സമ്മേളനത്തിന്റെയും പൊതുജല വിതരണത്തിന്റെയും സന്ദേശവും പ്രസക്തിയും സംഘടനയുടെ സാമൂഹ്യ പ്രതിബദ്ധതയും വിളിച്ചോതിക്കൊണ്ട് യൂണിയൻ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഉപഭോക്താക്കളുടെയും ജീവനക്കാരുടെയും സൗഹൃദ (CEF) ദിനമായ 01-01-2020 ൽ നിർധനരായ 54 കുടുംബങ്ങൾക്കും തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 12 കുടുംബങ്ങൾക്കും സൗജന്യമായി കുടിവെള്ള കണക്ഷൻ നല്കി 'സ്നേഹ ജലം' എത്തിച്ചു. അതോടൊപ്പം തിരുവനന്തപുരം ജില്ലാ വനിതാ സബ്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നിർധനരായ രോഗികൾക്കായി സമാഹരിച്ച 80 പുതപ്പുകൾ ഇ കെ നായനാർ ചാരിറ്റബിൾ ട്രസ്റ്റിന് കൈമാറി. നമ്മുടെ യൂണിയന്റെ 17-ാം സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി നഗരത്തിൽ സംഘടിപ്പിച്ച വിളംബര ജാഥ കോഴിക്കോടിന് വേറിട്ട അനുഭവമായി മാറി.
22-02-2020 - വൈകിട്ട് 4 മണിക്ക് സ. സൈമൺ ബ്രിട്ടോ നഗറിൽ (കോഴിക്കോട് NGO യൂണിയൻ ഹാൾ) സംഘടിപ്പിച്ച സാംസ്കാരിക സമ്മേളനം സ. ടി പി രാമകൃഷ്ണൻ (ബഹു. എക്സൈസ് തൊഴിൽ വകുപ്പ് മന്ത്രി) ഉദ്ഘാടനം ചെയ്തു. കേരള NGO യൂണിയൻ സംസ്ഥാന പ്രസിഡന്റ് സ. ഇ പ്രേംകുമാർ അദ്ധ്യക്ഷനായി. മനോജ് പട്ടാന്നൂർ മുഖ്യ പ്രഭാഷണം നടത്തി. യൂണിയൻ സംസ്ഥാന പ്രസിഡന്റ് സ. പി കരുണാകരൻ, എ കെ രമേശ് (BEFI) എന്നിവർ സംസാരിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി സ എം തമ്പാൻ സ്വാഗതവും സംസ്ഥാന സെക്രട്ടറി പി രഘുനാഥ് കൃതജ്ഞതയും പറഞ്ഞു.
23-02-2020 - രാവിലെ 10ന് സ. എം ദാസൻ നഗറിൽ (സ്നേഹാഞ്ജലി ഓഡിറ്റോറിയം) യൂണിയൻ സംസ്ഥാന പ്രസിഡന്റ് സ. പി കരുണാകരൻ പതാക ഉയർത്തി അദ്ധ്യക്ഷത വഹിച്ച് പ്രതിനിധി സമ്മേളനം ആരംഭിച്ചു. സംസ്ഥാനത്തൊട്ടാകെയുള്ള 73 ബ്രാഞ്ചുകളിൽ നിന്നായി 171 കൗൺസിലർമാരും അത്ര തന്നെ പ്രതിനിധികളും പ്രത്യേക ക്ഷണിതാക്കളായി രണ്ട് പേരുമുൾപ്പെടെ 344 പേർ പങ്കെടുക്കേണ്ട സമ്മേളനത്തിൽ 341 പേർ പങ്കെടുത്തു. രണ്ട് പേർ അവധി പറഞ്ഞിരുന്നു. കോഴിക്കോട് ജില്ലയിലെ സഖാക്കൾ സ്വാഗത ഗാനം ആലപിച്ചു.

സ്വാഗത സംഘം ചെയർമാൻ സ. എ പ്രദീപ് കുമാർ MLA സ്വാഗതം പറഞ്ഞു. CITU സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം MP ഉദ്ഘാടനം ചെയ്തു. FSETO ജനറൽ സെക്രട്ടറി സ. ടി സി മാത്തുക്കുട്ടിയും കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവർണ്മെന്റ് എംപ്ലോയീസ് ജനറൽ സെക്രട്ടറി സ. പി വി രാജേന്ദ്രനും അഭിവാദ്യം ചെയ്തു. സംസ്ഥാന സെക്രട്ടറി സ. കെ ടി മൊയ്തീൻകുട്ടി ഉദ്ഘാടന സമ്മേളനത്തിന് നന്ദി രേഖപ്പെടുത്തി.

ഉച്ച കഴിഞ്ഞ് 12.10 ന് ആരംഭിച്ച പ്രതിനിധി സമ്മേളനത്തിൽ സ. എസ് രഞ്ജീവ് രക്തസാക്ഷി പ്രമേയവും സ. കെ ടി മൊയ്തീൻ കുട്ടി അനുശോചന പ്രമേയവും അവതരിപ്പിച്ചു. തുടർന്ന് യൂണിയൻ സംസ്ഥാന സെക്രട്ടറിയേറ്റംഗങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റിയറിംഗ് കമ്മിറ്റിയെയും സഖാക്കൾ പി കരുണാകരൻ, എം എൻ ഗോപകുമാർ, കെ ജി ബിന്ദു, സി സുജാത എന്നിവരടങ്ങിയ പ്രസീഡിയത്തേയും, പി ടി അനിൽകുമാർ (കൺവീനർ), എം എ ഹാഷിം, എ സുധാകരൻ എന്നിവരടങ്ങിയ മിനിട്സ് കമ്മിറ്റിയെയും, പി രഘുനാഥ് (കൺവീനർ), പി എം മൊഹിയുദ്ദീൻ, കെ ജി മനോജ് കുമാർ, എ സി ഷൈൻ എന്നിവരടങ്ങിയ പ്രമേയ കമ്മിറ്റിയെയും പി ഉണ്ണികൃഷ്ണൻ (കൺവീനർ), എസ് അഷറഫ്, ഒ ആർ ഷാജി, എം ശ്രീധരൻ എന്നിവരടങ്ങിയ ക്രഡൻഷ്യൽ കമ്മിറ്റിയെയും തെരഞ്ഞെടുത്തു. CITU സംസ്ഥാന ട്രഷറർ സ. പി നന്ദകുമാർ സമ്മേനത്തിലുടനീളം സന്നിഹിതനായിരുന്നു.

ജനറൽ സെക്രട്ടറി എം തമ്പാൻ കഴിഞ്ഞ രണ്ട് വർഷത്തെ സംഘടനയുടെ പ്രവർത്തന റിപ്പോർട്ടും സംഘടനാ റിപ്പോർട്ടും, ട്രഷറർ പി ശശിധരൻ നായർ വരവ് ചെലവ് കണക്കും ആസ്തി ബാധ്യതാ കണക്കും അവതരിപ്പിച്ചു. തുടർന്ന് പൊതു ചർച്ച ആരംഭിച്ചു. സഖാക്കൾ: 1. നളിനാക്ഷൻ എം കെ (കാസർഗോഡ്), 2. സുമേഷ് കുമാർ (തൃശ്ശൂർ), 3. ഹേമന്ദ് ജി ആർ (തിരുവനന്തപുരം), 4. സുരേഷ് (കണ്ണൂർ), 5. ഷാജി എസ് (കൊല്ലം), 6. മോഹൻദാസ് (പാലക്കാട്) 7. വർഗ്ഗീസ് (പത്തനംതിട്ട), 8. സിയാബ് (കോഴിക്കോട്), 9. സജീവ് (ആലപ്പുഴ), 10. ഫിറോസ് (മലപ്പുറം), 11. രമേശൻ (കോട്ടയം), 12. സന്തോഷ് കെ പി (എറണാകുളം), 13. പി സി വിജയകുമാർ (വയനാട്), 14. സുഭാഷിതൻ (ഇടുക്കി) എന്നിവർ ഒന്നാം ദിവസം പൊതു ചർച്ചയിൽ പങ്കെടുത്തു. വൈകിട്ട് 4 ന് "പൊതു ജല വിതരണവും വാട്ടർ അതോറിറ്റിയും" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ സ പി കരുണാകരൻ അധ്യക്ഷനായി. കേരള വാട്ടർ അതോറിറ്റി ബോർഡംഗം ശ്രീ. ടി വി ബാലൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന ട്രഷറർ സ. പി ശശിധരൻ നായർ വിഷയാവതരണം നടത്തി. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ ജമാൽ (എക്സി. എഞ്ചിനീയർ, KWA, PH ഡിവിഷൻ, കോഴിക്കോട്) ശ്രീ കെ. സുരേഷ് (ജനറൽ സെക്രട്ടറി, AKWAO) എന്നിവർ സംസാരിച്ചു. സെമിനാറിൽ സ. എം തമ്പാൻ സ്വാഗതവും, സ. എസ് രഞ്ജീവ് കൃതജ്ഞതയും പറഞ്ഞു.

24-02-2020 - രാവിലെ 9 മണിക്ക് പൊതുചർച്ച പുനരാരംഭിച്ചു. സഖാക്കൾ: 15. വിനോദ് സി കെ (എറണാകുളം), 16. ഇ എ അഷറഫ് (ഇടുക്കി), 17. രാജേഷ് കുമാർ (വയനാട്), 18. കെ സുരേഷ് (കോട്ടയം), 19. ഷറഫുദ്ദീൻ (മലപ്പുറം), 20. കെ എ ഷാജി (ആലപ്പുഴ), 21. കെ കെ വിജയൻ (കോഴിക്കോട്), 22. ഫിലിപ്പോസ് വർഗ്ഗീസ് (പത്തനം തിട്ട), 23. പ്രശോഭ് (പാലക്കാട്), 24. മന്മഥൻ (കൊല്ലം), 25. പ്രീജ (കണ്ണൂർ), 26. കെ മണിമഞ്ജുഷ (തിരുവനന്തപുരം), 27. ബിജു സി എസ് (തൃശ്ശൂർ), 28. വിനോദ് കെ (കാസർഗോഡ്), 29. ബെന്നി (ആലപ്പുഴ), 30. കെ രമ (കോഴിക്കോട്), 31. ശിവദാസ് (പാലക്കാട്), 32. മുഹമ്മദ് റാഫി (കൊല്ലം), 33. പ്രശാന്ത് (കണ്ണൂർ), 34. വൈ കെ ഷാജി (തിരുവനന്തപുരം), 35. സുരേഷ് ബാബു (തൃശ്ശൂർ), 36. രാഘവൻ കെ (കാസർഗോഡ്) 37. മീന മോൾ (ആലപ്പുഴ), 38. വിനീഷ് (കണ്ണൂർ), 39. അനിൽ പി നായർ (തിരുവനന്തപുരം), 40. സഗീർ കെ എം (എറണാകുളം) എന്നിവരാണ് 6 മണിക്കൂർ നീണ്ട ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചത്.

തുടർന്ന് സ. പി നന്ദകുമാർ സമ്മേളനത്തെ അഭിസംബോധന ചെയ്തു. സമ്മേളനത്തിലുയർന്ന ചർച്ചയ്ക്ക് ജനറൽ സെക്രട്ടറി സ. എം തമ്പാനും, ട്രഷറർ സ. പി ശശിധരൻ നായരും പ്രസിഡന്റ് സ. പി കരുണാകരനും മറുപടി പറഞ്ഞു.

"തെളിനീർ" കുപ്പിവെള്ള ഉല്പാദനവും വിതരണവും ജല അതോറിറ്റിയിൽ നിലനിർത്തുക, കേരള സർക്കാരിന്റെ ജനപക്ഷ ബദലിന്റെ തുടർച്ച സാധ്യമാക്കാൻ ജാഗ്രതയോടെ അണിനിരക്കുക, എന്നീ പ്രമേയങ്ങൾ പ്രമേയ കമ്മിറ്റി കൺവീനർ സ. പി രഘുനാഥും ജൽ ജീവൻ മിഷൻ പദ്ധതിയിലെ ജന വിരുദ്ധ വ്യവസ്ഥകൾ ഒഴിവാക്കി ജല അതോറിറ്റിയിലൂടെ നടപ്പാക്കുക, വാട്ടർ അതോറിറ്റി ഡയറക്ടർ ബോർഡിൽ ജീവനക്കാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുക, ഹെഡ് ഓപ്പറേറ്റർ സൂപ്പർവൈസറി നിയമവിധേയമാക്കുന്നതിലെ അനാവശ്യ കാലതാമസം ഒഴിവാക്കുക - എല്ലാ O&M സബ് ഡിവിഷനുകളിലും മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക സൃഷ്ടിച്ച് ഹെഡ് ഓപ്പറേറ്റർമാരെ പ്രൊമോട്ട് ചെയ്യുക എന്നീ പ്രമേയങ്ങൾ പ്രമേയക്കമ്മിറ്റിയംഗം കെ ജി മനോജ് കുമാറും അവതരിപ്പിച്ചു. കൂടാതെ മതനിരപേക്ഷതയിൽ നിന്ന് മതാധിപത്യത്തിലേക്ക് നയിക്കുന്ന നിയമ ഭേദഗതികൾ പിൻവലിക്കുക, ജല അതോറിറ്റിയെ ദുർബ്ബലപ്പെടുത്തുന്ന മാനേജ്മെന്റ് നീക്കം ഉപേക്ഷിച്ച് ജനോപകാരപ്രദമായി പുനഃസംഘടിപ്പിക്കുക, തൊഴിലാളികളെ ദ്രോഹിക്കുന്ന തൊഴിൽ നിയമ ഭേദഗതിയും

കരാർവൽക്കരണവും പിൻവലിക്കുക, പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുക – എല്ലാ ജീവനക്കാർക്കും നിർവ്വചിക്കപ്പെട്ട പെൻഷൻ ഉറപ്പാക്കുക, വാട്ടർ അതോറിറ്റിയിലെ റവന്യൂ സംവിധാനം കാര്യക്ഷമമാക്കുക, ജീവനക്കാരുടെയും പെൻഷൻകാരുടെയും സാമ്പത്തികാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുക, എൽ ഡി ക്ലാർക്ക് നിയമനം ത്വരിതപ്പെടുത്തുക, ടെക്നിക്കൽ സ്പെഷ്യൽ റൂൾ നടപ്പാക്കുക, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ എൽ ഡി ക്ലാർക്ക് തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ പ്രൊമോഷൻ 10% ആക്കി ഉയർത്തുക, വാട്ടർ അതോറിറ്റിയിലെ ടൈപ്പിസ്റ്റ് തസ്തിക ഇല്ലാതാക്കാനുള്ള മാനേജ്മെന്റിന്റെ ഏക പക്ഷീയ നീക്കം ഉപേക്ഷിക്കുക, പമ്പ് ഹൗസുകളുടെയും പ്ലാന്റുകളുടെയും ക്വാർട്ടേഴ്സുകളുടെയും ഓഫീസുകളുടെയും ശോച്യാവസ്ഥ പരിഹരിക്കുക, ജല അതോറിറ്റിയുടെ കുടിവെള്ള വിതരണത്തിനുള്ള വൈദ്യുതി ചാർജ്ജ് ഗാർഹിക നിരക്കിലാക്കുക, ജല അതോറിറ്റിയിലെ ജോലികൾ പുറം കരാർ കൊടുക്കുന്നത് ഒഴിവാക്കുക, ജല അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ ആരംഭിക്കുക, അതോറിറ്റിയുടെ വസ്തു വകകൾ സംരക്ഷിക്കുക തുടങ്ങിയ പ്രമേയങ്ങളും സമ്മേളനം അംഗീകരിച്ചു.

സംസ്ഥാന കമ്മിറ്റിയിൽ നിലവിൽ 45 അംഗങ്ങളാണ് ഉള്ളത്. സംസ്ഥാന കമ്മിറ്റിയുടെ വലിപ്പം 43 ആയി കുറക്കുന്നതിന് സമ്മേളനം അനുവാദം നല്കി. തുടർന്ന് പുതിയ സംസ്ഥാന കമ്മിറ്റിയുടെയും സെക്രട്ടറിയേറ്റിന്റെയും ഭാരവാഹികളുടെയും നിർദ്ദേശം ജനറൽ സെക്രട്ടറി സ. എം തമ്പാൻ അവതരിപ്പിച്ചു.

സഖാക്കൾ:

1. പി കരുണാകരൻ (പ്രസിഡന്റ്)
2. പി ശശിധരൻ നായർ (ജനറൽ സെക്രട്ടറി)
3. എസ് രഞ്ജീവ് (ട്രഷറർ)
4. കെ ടി മൊയ്തീൻകുട്ടി (സംസ്ഥാന സെക്രട്ടറി)
5. പി രഘുനാഥ് (സംസ്ഥാന സെക്രട്ടറി)
6. പി എം മൊഹിയുദ്ദീൻ (സംസ്ഥാന സെക്രട്ടറി)
7. കെ ജി ബിന്ദു (വൈസ് പ്രസിഡന്റ്)
8. പി സന്തോഷ് കുമാർ (വൈസ് പ്രസിഡന്റ്)
9. ടി രമണി (വൈസ് പ്രസിഡന്റ്)
10. എസ് അഷറഫ് (സെക്രട്ടറിയേറ്റംഗം)
11. കെ ജി മനോജ് കുമാർ (സെക്രട്ടറിയേറ്റംഗം)
12. പി ടി അനിൽ കുമാർ (സെക്രട്ടറിയേറ്റംഗം)
13. എം എ ഹാഷിം (സെക്രട്ടറിയേറ്റംഗം)
14. പി ഉണ്ണികൃഷ്ണൻ (സെക്രട്ടറിയേറ്റംഗം)
15. ഒ ആർ ഷാജി (സെക്രട്ടറിയേറ്റംഗം)

16. എസ് ഹംസത്ത്, 17. സി സുജാത, 18. കെ മണിമഞ്ജുഷ, 19. കെ ബിജു കുമാർ - തിരുവനന്തപുരം
20. കെ ഹരികുമാർ, 21. രഞ്ജിത്ത് കെ ആർ - കൊല്ലം
22. രാജേഷ് ആർ ചന്ദ്രൻ - പത്തനംതിട്ട
23. അമൃതരാജ് വി, 24. ജോസ് കുട്ടി ടി ഡി - കോട്ടയം
25. മോഹൻദാസ് എ കെ - ഇടുക്കി
26. പ്രമോജ് എസ് ധരൻ, 27. പ്രസാദ് സി ആർ - ആലപ്പുഴ
28. സാംസൺ പി എം, 29. സുബാഷ് എൻ എം, 30. രതി എൻ ഡി - എറണാകുളം
31. സുരേന്ദ്രൻ കെ കെ, 32. വിനോദ് കെ എസ് - തൃശ്ശൂർ
33. കെ രവീന്ദ്രൻ - പാലക്കാട്
34. ആന്റണി കെ ജെ 35. വിനോദ്കുമാർ പി എം - മലപ്പുറം
36. രാജു എ, 37. സന്തോഷ് കുമാർ കെ, 38. രമ കെ - കോഴിക്കോട്
39. വിജയകുമാർ പി സി - വയനാട്
40. എം ശ്രീധരൻ, 41. എം വി സഹദേവൻ - കണ്ണൂർ
42. എ സുധാകരൻ, 43. വിനോദ് കുമാർ കെ - കാസർഗോഡ്

എന്നിവരടങ്ങിയ സംസ്ഥാന കമ്മിറ്റിയെയും

സഖാക്കൾ: കെ ജി ബിന്ദു കൺവീനറായും കെ മണിമഞ്ജുഷ (തിരുവനന്തപുരം), എൻ ഡി രതി (എറണാകുളം), ടി രമണി (കണ്ണൂർ), ടി പി രാജിമോൾ (ആലപ്പുഴ) എന്നിവർ ജോയിന്റ് കൺവീനർമാരായ 30 അംഗ വനിതാ സബ് കമ്മിറ്റിയെയും സമ്മേളനം ഏകകണ്ഠമായി തെരഞ്ഞെടുത്തു.

ക്രഡൻഷ്യൽ റിപ്പോർട്ട്, കൺവീനർ സ. പി ഉണ്ണികൃഷ്ണൻ അവതരിപ്പിച്ചു. സമ്മേളനത്തിൽ പങ്കെടുക്കുന്ന ഏറ്റവും

പ്രായം കൂടിയ പ്രതിനിധി സ. പ്രസന്നകുമാരിയെ പ്രസിഡന്റ് സ. പി കരുണാകരൻ പൊന്നാടയണിയിച്ച് ആദരിച്ചു.
തുടർന്ന് ജനറൽ സെക്രട്ടറി സ. പി ശശിധരൻ നായർ പരിപാടി പ്രമേയം അവതരിപ്പിച്ചു.
കുടിവെള്ളം ആഗോള തലത്തിൽ തന്നെ വിപണി മത്സരം നേരിടുകയാണ്. അതിന്റെ ഭാഗമായി നമ്മുടെ രാജ്യത്തും പൊതു ജല വിതരണം പ്രതിസന്ധിയിലാവുകയാണ്. 2002ലും തുടർന്ന് 2012ലും പ്രഖ്യാപിക്കപ്പെട്ട ദേശിയ ജലനയങ്ങൾ പൊതു ജലവിതരണം അട്ടിമറിക്കപ്പെടുന്നതും സ്വകാര്യവല്കരണം പ്രോത്സാഹിപ്പിക്കുന്നതുമായിരുന്നു. 1992ലെ ഭരണ ഘടനയുടെ 73, 74 ഭേദഗതികളിലൂടെ നിയമമാക്കപ്പെട്ട പഞ്ചായത്തീരാജ് നഗരപാലിക ബില്ലിലൂടെ കുടിവെള്ള വിതരണം സംസ്ഥാന സർക്കാരിന്റെ ചുമതലയിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേതായി മാറുകയും സർക്കാർ ഈ രംഗത്തുനിന്നും പിന്മാറുന്ന പ്രവണതയ്ക്ക് ആക്കം കൂടുകയും ചെയ്തു.
ഇതോടുകൂടി രാജ്യത്തെ ഏറ്റവും വലിയ പൊതു ജല വിതരണ സ്ഥാപനമായ ജല അതോറിറ്റിയുടെ നിലനില്പും അപകടത്തിലായി. ഉദാര വല്കരണ നയങ്ങളുടെ ഉപാസകരായ വലതു പക്ഷ സർക്കാരുകൾ ജല അതോറിറ്റിയെ തകർക്കാൻ നേരിട്ടും അല്ലാതെയും നടത്തിയ ശ്രമങ്ങൾ പൊതു സമൂഹത്തെയാകെ അണിനിരത്തി പ്രതിരോധിച്ചവരാണ് നാം.
സേവന മേഖലയെയും പൊതു മേഖലയെയും തകർക്കുന്ന വലതു പക്ഷ നയങ്ങൾക്ക് ബദലായി ജനപക്ഷ ജലനയം നടപ്പാക്കുകയും പൊതു മേഖലയെ സംരക്ഷിക്കുകയും ചെയ്യുന്ന ഇടതു മുന്നണി സർക്കാരിനെ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ടല്ലാതെ നമുക്ക് ഒരിഞ്ചു പോലും മുന്നോട്ടു പോകാനാവില്ല.
ഈ സമ്മേളനത്തിൽ ഉയർന്ന പ്രധാന ആവശ്യങ്ങളായ ഹെഡ് ഓപ്പറേറ്റർ സൂപ്പർവൈസറി നിയമവിധേയമാക്കണമെന്നും, ഇടതു മുന്നണി വാഗ്ദാനമായ ജല അതോറിറ്റിയുടെ പുനഃസംഘടന ജനോപകാരപ്രദമായി നടപ്പാക്കണമെന്നും, ജൽ ജീവൻ മിഷൻ നടപ്പാക്കുമ്പോൾ ജനകീയ ജലവിതരണം ഉറപ്പുവരുത്തണമെന്നും വാട്ടർ അതോറിറ്റിയിലൂടെ നടപ്പാക്കണമെന്നും ടെക്നിക്കൽ സ്പെഷ്യൽ റൂൾ സമയ ബന്ധിതമായി പുറത്തിറക്കണമെന്നും, ജീവനക്കാരുടെയും പെൻഷൻകാരുടെയും GPF, പെൻഷൻ കമ്മ്യൂട്ടേഷൻ, DCRG വിതരണം യഥാസമയം നൽകണമെന്നുമുള്ള ആവശ്യങ്ങൾ ഉയർത്തി സമരം ശക്തിപ്പെടുത്താനും "തെളിനീർ" ഉല്പാദനവും വിതരണവും ജല അതോറിറ്റിയിൽ നിലനിർത്തണമെന്നാവശ്യമുയർത്തി പണിമുടക്കടക്കമുള്ള സമരങ്ങൾ തീരുമാനിക്കുന്നതിനും സമ്മേളനം സംസ്ഥാന കമ്മിറ്റിയെ ചുമതലപ്പെടുത്തുന്ന പരിപാടി പ്രമേയവും സമ്മേളനം അംഗീകരിച്ചു.
നാടക രംഗത്ത് സമഗ്ര സംഭാവനകളുള്ള ഒ കെ കുറ്റിക്കോൽ അവാർഡ് നേടിയ സ. എം ശ്രീധരന് പ്രസിഡന്റ് സ. പി കരുണാകരൻ ഉപഹാരം നല്കി ആദരിച്ചു.
സർവ്വീസിൽ നിന്നും വിരമിച്ച സംസ്ഥാന കൗൺസിൽ അംഗങ്ങളുടെ യാത്രയയപ്പ് യോഗം സ. പി കരുണാകരന്റെ അധ്യക്ഷതയിൽ ചേർന്നു. CPI(M) കോഴിക്കോട് ജില്ലാ സെക്രട്ടറി സ. പി മോഹനൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സ പി ശശിധരൻ നായർ സ്വാഗതം പറഞ്ഞു. സഖാക്കൾ എം തമ്പാൻ, എം എൻ ഗോപകുമാർ, ഇ സുബ്രഹ്മണ്യൻ, പി ജി വേലായുധൻ, എ പി സുധീരഥൻ, ബി ജസ്റ്റസ്, കെ കെ സിദ്ധാർത്ഥൻ, ടി രാജൻ എന്നിവർക്കും പ്രൊമോഷനെ തുടർന്ന് സംഘടനാ മെമ്പർഷിപ്പിൽ തുടരാൻ കഴിയാത്തതിനാൽ സ. ബി വി നിഷക്കും യാത്രയയപ്പ് നല്കി. ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സ. പി സതീദേവി ഉപഹാരം സമർപ്പിച്ച് സംസാരിച്ചു. യാത്രയയപ്പ് ലഭിച്ച സഖാക്കൾ മറുപടി പറഞ്ഞു.
തുടർന്ന് സ്വാഗത സംഘം കൺവീനർകൂടിയായ സഖാവ് പി സന്തോഷ് കുമാർ, സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിന് സഹകരിച്ച പൊതു പ്രസ്ഥാനത്തിന്റെയും സഹോദര സംഘടനകളുടെയും നേതാക്കൾക്കും സഖാക്കൾക്കും വാളണ്ടിയർമാർക്കും പ്രതിനിധികൾക്കും കൃതജ്ഞത രേഖപ്പെടുത്തി.
വൈകിട്ട് 5.45ന് ഉശിരൻ മുദ്രാവാക്യം വിളികളോടെ സമ്മേളനം സമാപിച്ചു.